## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T *263 | 15.12.2015-ൽ മറുപടിയ്ക്ക്

## ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>,, വി.ശിവൻകുട്ടി<br>,, എ.പ്രദീപ് കുമാർ<br>,, പുരുഷൻ കടലുണ്ടി | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ലൈറ്റ് മെട്രോ പദ്ധതിയുടെ കൺസൾട്ടന്റിനെ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) | ഇല്ല. |
| (ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള പണം കണ്ടെത്തിയിട്ടുണ്ടോ ; എങ്ങിനെയാണെന്ന് വിശദമാക്കാമോ ; | (ബി) | പദ്ധതി ചെലവിന്റെ 20% കേരള സർക്കാരും, 20% കേന്ദ്ര സർക്കാരും ബാക്കി തുക ബാങ്കുകളിൽ നിന്നും മറ്റ സ്വദേശ/വിദേശ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി സമാഹരിക്കണമെന്നും വിശദമായ പദ്ധതിരേഖയിൽ വിഭാവനം ചെയ്യുന്നു. ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ തുക സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. സംസ്ഥാന സർക്കാർ 2015-16-ലെ ബഡ്ജറ്റിൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്കായി ടോക്കൺ പ്രൊവിഷനായി 1,00,000/- (ഒരു ലക്ഷം രൂപാ മാത്രം) രൂപ വകയിരുത്തിയിട്ടുണ്ട്. അധികമായി വേണ്ടി വരുന്ന തുക 'മേജർ ഇൻഫ്രാസ്ട്രക്ചറൽ ഡെവലപ്മെന്റ് പ്രോജക്ട്സ് ' എന്ന പുതിയ ശീർഷകത്തിൽ നിന്നും ലഭ്യമാക്കുന്നതാണ്. |
| (സി) പ്രസ്തുത പദ്ധതി സംബന്ധിച്ച് വ്യക്തമായ നിലപാട് സ്വീകരിച്ചുകൊണ്ടാണോ കേന്ദ്ര നഗര വികസന മന്ത്രാലയത്തിന് കേരളം രണ്ടാമതും കത്തയച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (സി) | കേന്ദ്ര നഗര വികസന മന്ത്രാലയത്തിന് സംസ്ഥാന സർക്കാരിൽ നിന്നും അയച്ച കത്തുകളിൽ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ്മെട്രോ പദ്ധതികളെ സംബന്ധിച്ച കേരള സർക്കാരിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | 2008 ജനുവരിയിൽ കൊച്ചി മെട്രോയുടെ അനുമതിക്കായി കേരളം സമർപ്പിച്ച അപേക്ഷയിൽ, ഡി.എം.ആർ.സി.ആകും പദ്ധതി നടപ്പിലാക്കുക എന്ന് വ്യക്തമാക്കിയിട്ടുണ്ടായിരുന്നത് അറിയാമായിരുന്നുവോ ; | (ഡി) | കൊച്ചി മെട്രോ റയിൽ പദ്ധതി, ഗതാഗത വകുപ്പുവഴിയാണ് നടപ്പിലാക്കി വരുന്നത്. കൊച്ചി മെട്രോ റയിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഡി.എം.ആർ.സി.യെ ചുമതലപ്പെടുത്തിക്കൊണ്ട് 08.01.2008-ൽ അന്നത്തെ സംസ്ഥാനസർക്കാർ തീരുമാനമെടുത്തിരുന്നതായി അറിയാം. |
| (ഇ) | കേന്ദ്രാനുമതി ലഭിച്ചതിനുശേഷം കൺസൾട്ടന്റിനെ നിയമിച്ചാൽ മതിയെന്ന നിലപാട് സ്വീകരിച്ചതിന്റെ കാരണം വെളിപ്പെടുത്താമോ ; ലൈറ്റ് മെട്രോ പദ്ധതിയിൽ ഡി.എം.ആർ.സി.യുടെ പങ്ക് എന്താണെന്ന് കേന്ദ്രസർക്കാരിനയച്ച ആദ്യത്തെ കത്തിലൂടെ സംസ്ഥാന സർക്കാർ അറിയിച്ചിട്ടുണ്ടായിരുന്നുവോ ? | (ഇ) | 29.07.2015-ൽ ചേർന്ന മന്ത്രിസഭായോഗ തീരുമാനപ്രകാരമാണ് കേന്ദ്രാനുമതി ലഭിച്ചതിനുശേഷം കൺസൾട്ടന്റിനെ നിയമിച്ചാൽ മതിയെന്ന നിലപാട് സ്വീകരിച്ചത്. ലൈറ്റ് മെട്രോ പദ്ധതിയിൽ ഡി.എം.ആർ.സി.യുടെ പങ്ക് എന്താണെന്ന് കേന്ദ്രസർക്കാരിനയച്ച ആദ്യ കത്തിലൂടെ അറിയിച്ചിട്ടുണ്ടായിരുന്നില്ല. |

**സെക്ഷൻ ഓഫീസർ**